പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 2891

13-03-2018 ൽ മറുപടിക്ക്

**കാർഷിക വായ്പാ അനുപാതത്തെ സംബന്ധിച്ച വിവരങ്ങൾ**

ചോദ്യം

പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ

ശ്രീ.പി.ഉബൈദുള്ള

,, ടി. വി. ഇബ്രാഹിം

,, കെ.എം. ഷാജി

മറുപടി

ശ്രീ.വി.എസ്. സുനിൽകുമാർ

(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ദേശസാൽകൃത ബാങ്കുകൾ സംസ്ഥാനത്തെ കൃഷിക്കാർക്ക് യഥാസമയം കാർഷിക വായ്പകൾ നൽകുന്നില്ല എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; | (എ) | ദേശ സാൽകൃത ബാങ്കുകൾ മുഖേന സംസ്ഥാനത്തെ കൃഷിക്കാർക്ക് യഥാസമയം വായ്പകൾ നൽകുന്നില്ല എന്നത് സംബന്ധിച്ച് രേഖാമൂലം പരാതികളൊന്നും ലഭിച്ചിട്ടില്ല. സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റിയുടെ കണക്ക പ്രകാരം 2017 ഡിസംബർ 31 വരെ കേരളത്തിലെ ദേശസാൽകൃത ബാങ്കുകൾ 4739998 അക്കൗണ്ടുകളിലായി 48093 കോടി രൂപയുടെ കാർഷിക വായ്പ സംസ്ഥാനത്ത് നൽകിയിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്തെ ദേശസാൽകൃത ബാങ്കുകൾക്കും ഷെഡ്യൂൾ ബാങ്കുകൾക്കും ന്യൂജനറേഷൻ ബാങ്കുകൾക്കും നിശ്ചയിച്ചിട്ടുള്ള കാർഷിക വായ്പാ അനുപാതത്തെ സംബന്ധിച്ച വിവരങ്ങൾ സർക്കാരിന് ലഭ്യമാണോ; എങ്കിൽ വിശദവിവരം നൽകാമോ; | (ബി) | റിസർവ്വ് ബാങ്ക് നിശ്ചയിച്ചിട്ടുള്ള കാർഷിക വായ്പ അനുപാതം മൊത്തം വായ്പയുടെ 18% ആണെന്നും കേരളത്തിൽ ഇത് 24% ആണെന്നും എസ്.എൽ.ബി.സി അറിയിച്ചിട്ടുണ്ട്. |
| (സി) | ബാങ്കുകൾ അർഹമായ വായ്പ നൽകാത്ത വിവരം പരിശോധനക്കുശേഷം ബാങ്കിംഗ് മേഖലയിലെ അപ്പലേറ്റ് അതോറിറ്റിയെ അറിയിക്കുവാൻ നടപടി സ്വീകരിക്കുമോ; | (സി) | ബാങ്കുകൾ അർഹമായ വായ്പകൾ നൽകാത്തത് സംബന്ധിച്ച് പരാതി ലഭിക്കുന്ന പക്ഷം പരിശോധനയ്ക്ക് ശേഷം ആവശ്യമെങ്കിൽ ബാങ്കിംഗ് മേഖലയിലെ അപ്പലേറ്റ് അതോറിറ്റിയെ അറിയിക്കുന്നതാണ്. |
| (ഡി) | അർഹതപ്പെട്ട എല്ലാ കർഷകർക്കും കാർഷികാവശ്യത്തിനായി ഈ ബാങ്കുകളിൽ നിന്നും സ്വർണ്ണപണയ വായ്പ ലഭ്യമാക്കാൻ സർക്കാർ ആവശ്യമായ നടപടി സ്വീകരിക്കുമോ? | (ഡി) | അർഹതപ്പെട്ട കർഷകർക്ക് കാർഷിക ആവശ്യത്തിന് സ്വർണ്ണപണയ വായ്പകളും ബാങ്കുകൾ നൽകിവരുന്നു. |

സെക്ഷൻ ഓഫീസർ